**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 436 28.06.2011-ൽ മറുപടിക്ക്

**കരിമണൽ ഖനനം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. എം.ചന്ദ്രൻ** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കരിമണൽ ഖനനം സംബന്ധിച്ച് ഈ സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ ഇക്കാര്യത്തിൽ പുതിയ നയരൂപീകരണം നടത്തിയിട്ടില്ല |
| (ബി) സംസ്ഥാനത്ത് നിലവിൽ കരിമണൽ, മുഖ്യ അസംസ്കൃത വസ്തുവായ പ്രധാന വ്യവസായ ശാലകൾ ഏതെല്ലാമാണ്; ഇവയുടെ പ്രവർത്തനം ചുരുക്കിപ്രതിപാദിക്കുമോ; | (ബി) ഇന്ത്യൻ റെയർ എർത്സ് ലിമിറ്റഡ്, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചിൻ മിനറൽസ് & റൂട്ടൈൽ ലിമിറ്റഡ്, കൊച്ചിൻ മിനറൽസ് & റൂട്ടൈൽസിന്റെയും ഇൻഡ്യൻ റെയർ എർത്സിന്റെയും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റേയും സംയുക്ത സംരംഭമായ കേരള റെയർ എർത്സ് & മിനറൽസ് ലിമിറ്റഡ് എന്നിവയാണ് കേരളത്തിൽ കരിമണൽ മുഖ്യ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ. കരിമണലിൽ നിന്നും ഇൽമനൈറ്റ്, റൂടൈൽ, സിർക്കോൺ, സില്ലിമനൈറ്റ് എന്നീ ധാതുക്കൾ വേർതിരിച്ചെടുക്കുകയാണ് ഇൻഡ്യൻ റെയർ എർത്സ് ചെയ്യുന്നത്.<br><br>കരിമണലിൽ നിന്നും റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുകയാണ് കേരള മിനറൽസ് & മെറ്റൽസ് ചെയ്യുന്നത്. കൂടാതെ കരിമണലിൽ നിന്നും ഇൽമനൈറ്റ്, റൂട്ടൈൽ, ലൂക്കോക്സിൻ, മോണസൈറ്റ്, സില്ലിമനൈറ്റ് എന്നിവ വേർതിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മൂല്യവർദ്ധിത ഉല്പന്നമായ |

ടൈറ്റാനിയം സ്പോഞ്ചും ഉല്പാദിപ്പിക്കുകയാണ് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ചെയ്യുന്നത്. കരിമണൽ അസംസ്കൃത വസ്തുവായി ഉപയോഗിച്ച് സിന്തറ്റിക് റൂട്ടൈൽ, ഫെറിക് ക്ളോറൈഡ്, ഫെറസ് ക്ളോറൈഡ്, സെമോക്സ് എന്നിവ ഉൽപാദിപ്പിക്കുകയാണ് കൊച്ചിൻ മിനറൽസ് & റൂട്ടൈൽ ലിമിറ്റഡ് ചെയ്യുന്നത്.

(സി) കരിമണൽ ഖനനരംഗത്തും വ്യവസായ നടത്തിപ്പിലും നിലവിൽ ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഉണ്ട്. കൊച്ചിൻ മിനറൽസ് & റൂട്ടൈൽ ലിമിറ്റഡ് ഈ രംഗത്ത് വ്യവസായം നടത്തുന്നുണ്ട്. എന്നാൽ ടി കമ്പനി ഖനന പ്രവർത്തനങ്ങൾ നടത്തുന്നില്ല.

(ഡി) കരിമണൽ ഖനനവും വ്യവസായവും സ്വാകര്യ പങ്കാളിത്തത്തോടെയോ പൂർണ്ണമായും സ്വകാര്യ-വൽക്കരിക്കാനോ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ഡി) പൂർണ്ണമായ സ്വകാര്യവൽക്കരണം ഉദ്ദേശിക്കുന്നില്ല.

സെക്ഷൻ ഓഫീസർ